അഷ്ടമുടി കായൽ അതിനെ ഒരു അന്താരാഷ്ട്ര വാട്ടർസ്പോർട്ട് സെന്ററാക്കി ഡെവലപ്പ് ചെയ്യണം. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു, അഡ്വഞ്ചർ ടൂറിസം വേണമെന്ന്. ഏറ്റവും കൂടുതൽ അന്താരാഷ്ട്ര ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയുന്നതാണ് വാട്ടർസ്പോർട്സ്. അതിന് അഷ്ടമുടി കായൽപോലുള്ള ഇത്രയും മനോഹരമായ ഒരു കായൽ, അതിനെ ഒരു ഇന്റർനാഷണൽ വാട്ടർ സ്പോർട്സ് കോംപ്ലക്സ് ആക്കി മാറ്റുന്നതിന് ആവശ്യമായ പദ്ധതികൾ തയ്യാറാക്കി അങ്ങ് നടപ്പാക്കുമോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : അഷ്ടമുടി കായലിൽ വാട്ടർ സ്പോർട്സിന്റെ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഇപ്പോൾ നാലുകോടി രൂപ വാട്ടർ സ്പോർട്സിനായി നീക്കിവച്ചിട്ടുണ്ട് ; മാത്രമല്ല, ഇനി വാട്ടർ സ്പോർട്സിനു താല്പര്യമുള്ള സെന്റേഴ്സിലൊക്കെ ...വാസ്തവത്തിൽ നമുക്ക് ഒരുപാട് ജലാശയങ്ങളുണ്ടെങ്കിൽപ്പോലും വാട്ടർസ്പോർട്സിൽ നമ്മളാരും തല്പരരല്ല എന്നുള്ളതാണ് സത്യം. കൊല്ലത്ത് ഇപ്പോൾ ചില ക്ലബ്ബുകളൊക്കെ ച്ചേർന്ന് കനോയിംഗ്, സ്കീയിംഗ് തുടങ്ങി എല്ലാ വാട്ടർ സ്പോർട്സ് ആക്ടിവിറ്റീസും തുടങ്ങുന്നതിനായിട്ടാണ് ഉദ്ദേശിച്ചിട്ടുള്ളത്. അത് അവിടെ മാത്രമായി ഒതുക്കണമെന്ന് എനിക്കഭിപ്രായമില്ല ; ബാക്കി നമ്മുടെ എല്ലാ ബാക്ക് വാട്ടേഴ്സിലും വാട്ടർ സ്പോർട്സ് ഊർജ്ജിതമായി പ്രചരിപ്പിക്കാവുന്നതാണ്.

സ്വാതന്ത്ര്യ ജൂബിലി പ്രമാണിച്ച് ജോലി ചെയ്തിരുന്നവരെ സ്ഥിരപ്പെടുത്താൻ നടപടി

2 (*2) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാതന്ത്ര്യ ജൂബിലി പ്രമാണിച്ച് 1-1-1997 മുതൽ 14-8-1998 വരെ താൽക്കാലികമായി ജോലി ചെയ്തിരുന്ന വികലാംഗരെ സ്ഥിരപ്പെടുത്തണമെന്ന ഉത്തരവ് പ്രകാരം ഇതുവരെ എത്ര വികലാംഗരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട് ;

(ബി) ഈ പദ്ധതിപ്രകാരം ഈ കാലയളവിൽ താൽക്കാലികമായി ജോലി ചെയ്തിരുന്ന പ്രായപരിധി കഴിഞ്ഞ വനിതകൾ, വിധവകൾ, വിമുക്തഭടന്മാർ എന്നിവരെക്കൂടി ഉൾപ്പെടുത്തി ജോലി നൽകുന്നതിന് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇവരെക്കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ജോലി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) ആരെയും സ്ഥിരപ്പെടുത്തിയിട്ടില്ല. സ്വാതന്ത്ര്യ സുവർണ്ണ ജൂബിലി പ്രമാണിച്ച് 1-1-1997 മുതൽ 14-8-1998 വരെ താൽക്കാലികമായി ജോലി ചെയ്തിരുന്ന വികലാംഗ ജീവനക്കാരെ സ്ഥിരപ്പെടുത്തിക്കൊണ്ട് പുറപ്പെടുവിച്ച 13-10-1999-ലെ ജി.ഒ.(പി)നം. 18/99/പി ആന്റ് എ.ആർ.ഡി. ഉത്തരവ് ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുന്നതിനാൽ സ്റ്റേ വെക്കേറ്റ് ചെയ്യുന്ന മുറയ്ക്ക് മാത്രമേ അനന്തര നടപടികൾ സ്വീകരിക്കുവാൻ നിർവ്വാഹമുള്ളൂ. സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

ശ്രീ. എ. കെ. മണി : താൽക്കാലിക ജീവനക്കാർ സെക്രട്ടേറിയറ്റിനു മുന്നിൽ കഴിഞ്ഞ 203 ദിവസമായി സമരത്തിലാണ് ; അവരെ സ്ഥിരപ്പെടുത്താൻ വേണ്ടി അങ്ങനെയുള്ള ആളുകളെ സ്ഥിരപ്പെടുത്താനോ അല്ലെങ്കിൽ ഈ സമരം പിൻവലിപ്പിക്കാൻ വേണ്ടിയോ ഉള്ള നടപടി ബഹുമാനപ്പെട്ട ഗവൺമെന്റ് സ്വീകരിക്കുമോ ?

ശ്രീ. ഇ. കെ.നായനാർ : യാഥാർത്ഥ്യം മനസ്സിലാക്കിയാൽ അവർ സമരം പിൻവലിക്കും. കാരണം എറണാകുളം ജില്ലാ പി.എസ്.സി. ലാസ്റ്റ് ഗ്രേഡ് സർവ്വന്റ് റാങ്ക് ഹോൾഡേഴ്സ് അസോസിയേഷൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത 2699/99 ഒ.പി. യിന്മേൽ ഇവരെ സ്ഥിരപ്പെടുത്തുന്ന കാര്യം ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. അതിനാൽ ആരേയും സ്ഥിരപ്പെടുത്തിയിട്ടില്ല. സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിനാവശ്യമായ നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ട്. സ്റ്റേ ഉത്തരവ് ഇപ്പോഴും നിലനിൽക്കുന്നതിനാൽ സ്റ്റേ ഒഴിവായി കിട്ടുന്ന മുറയ്ക്ക് മാത്രമേ അനന്തര നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. ഹൈക്കോടതി സ്റ്റേ ചെയ്തതു കൊണ്ട് നമുക്ക് ഒന്നും ചെയ്യാനൊക്കുകയില്ല. അതുകൊണ്ട്, അതു മനസ്സിലാക്കി അവർ സമരം പിൻവലിക്കണം. സ്റ്റേ പിൻവലിക്കാനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കാം. കോടതിയാണ് സ്റ്റേ ചെയ്തിരിക്കുന്നത്.

ശ്രീ. എ. കെ. മണി : സൂര്യനെല്ലി കേസ്സിലെ രഞ്ജിനി എന്ന പെൺകുട്ടിക്ക് ഗവൺമെന്റ്, സംസ്ഥാനത്തെ പി.എസ്.സി.; എംപ്ലോയ്മെന്റ് നിയമങ്ങളെല്ലാം മറികടന്നുകൊണ്ട് ഈ ഗവൺമെന്റ് ജോലി കൊടുത്തിരിക്കുകയാണ്. അതിൽ ഞങ്ങൾക്ക് എതിരില്ല ; നല്ല കാര്യമാണ്. പക്ഷേ അതുപോലെ പീഡിപ്പിക്കപ്പെട്ടിട്ടുള്ള ഒരുപാട് സ്ത്രീകൾ ഇന്ന് കേരളത്തിലുണ്ട്. സൂര്യനെല്ലി കേസ്സിലെ രഞ്ജിനിക്ക് ജോലി കൊടുത്തതുപോലെ പീഡിപ്പിക്കപ്പെട്ട്, പോലീസ് കേസ്സെടുത്തിട്ടുള്ള മറ്റ് സ്ത്രീകൾക്കും ജോലി കൊടുക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ശ്രീ. ഇ. കെ. നായനാർ : ബഹുമാനപ്പെട്ട മെമ്പർ ചില കാര്യങ്ങൾ മനസ്സിൽ വച്ചുകൊണ്ടു ചോദിക്കുന്നതിൽ വലിയ കാര്യമില്ല. ഇത് ഈ ചോദ്യത്തിൽ ഇല്ല. രഞ്ജിനി വേറെ. ജോലി കൊടുത്തതു വേറെ. ഇങ്ങനെയുള്ള ചോദ്യങ്ങൾ വേറൊരു ദിവസം കൊണ്ടുവന്നാൽ അപ്പോൾ ഞാൻ മറുപടി പറയാം. എന്തെങ്കിലും മനസ്സിൽ വച്ചിട്ട് ഇവിടെവന്ന് ചോദ്യം ചോദിച്ചിട്ട് കാര്യമില്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ : താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന കാര്യത്തിൽ ഹൈക്കോടതിയിൽ ഒരു സ്റ്റേ നിലനിൽക്കുന്നത് വെക്കേറ്റ് ചെയ്യാൻ ഗവൺമെന്റ് നടപടി എടുക്കുമെന്ന് സൂചിപ്പിച്ചതുകൊണ്ടാണ് ഞാൻ ചോദിക്കുന്നത്. താൽക്കാലിക ജീവനക്കാരായി വിവിധ ഡിപ്പാർട്ടുമെന്റുകളിൽ ജോലി ചെയ്തിരുന്ന ജീവനക്കാർ 203 ദിവസമായി തുടർച്ചയായി സെക്രട്ടേറിയറ്റ് പടിക്കൽ സമരം തുടർന്നുവരുന്നു. ഈ സ്റ്റേ നിലനിൽക്കുന്നതുകൊണ്ട്, അതുമായി ബന്ധപ്പെട്ട കാര്യങ്ങളുമായി മുന്നോട്ടു പോകാൻ കഴിയാത്തതുകൊണ്ട്,

LIBRARY ARCHIVES Kerala Legislative Assembly

ഒരു തീരുമാനമെടുക്കുന്നതുവരെ ഇവരെ താൽക്കാലികമായി ആ ജോലിയിൽ തുടരാൻ അനുവദിക്കുമോ ; ഉയർന്ന വിദ്യാഭ്യാസയോഗ്യതയുള്ള, പ്രായപരിധിയൊക്കെക്കഴിഞ്ഞ ധാരാളംപേർ ഇക്കൂട്ടത്തിലുണ്ട്. അക്കാര്യം ഒന്ന് അനുകമ്പാപൂർവ്വം പരിഗണിക്കുമോ ?

ശ്രീ. ഇ. കെ. നായനാർ : ഇത് കോടതിയുടെ വിധിയാണ് താൽക്കാലിക ജീവനക്കാരെ സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നത് ഭരണഘടനാ വിരുദ്ധമാണ്. ഒന്നുകിൽ സർക്കാർ രാജി വയ്ക്കണം, അല്ലെങ്കിൽ ഇവരെ സ്ഥിരപ്പെടുത്തണം. അതേ നിവൃത്തിയുള്ളൂ. ഇവരെ സ്ഥിരപ്പെടുത്തുന്നത് ഭരണഘടനാവിരുദ്ധമാണെന്ന് കോടതി പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ആന്റി കോൺസ്റ്റിറ്റ്യൂഷണലായി നമുക്ക് ചെയ്യാൻ പറ്റുകയില്ല. കോൺസ്റ്റിറ്റ്യൂഷണലായിട്ടേ സാധിക്കൂ. മാത്രമല്ല, പി. എസ്. സി. റാങ്ക് ലിസ്റ്റിൽനിന്ന് നിയമനം നടത്താൻ ഹൈക്കോടതി ഉത്തരവായിട്ടുള്ളതുപ്രകാരം താൽക്കാലിക ജീവനക്കാരെ സർവ്വീസിൽ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം പരിഗണിക്കാൻ വിഷമമാണ്. കോടതിയാണ് ഇതിൽ തടസ്സം. ബിഡി വലിക്കാൻ പാടില്ല എന്നു കോടതി പറഞ്ഞാൽ വലിക്കണ്ട.

ശ്രീ. സി. മൊയിൻ കുട്ടി : ബഹുമാനപ്പെട്ട മെമ്പർ ചോദിച്ച അതേ ചോദ്യമാണ് ഞാനും ചോദിക്കാനുദ്ദേശിച്ചത്.

മി. സ്പീക്കർ : അപ്പോൾ ഇനി ചോദിക്കേണ്ട കാര്യമില്ല.

ശ്രീ. സി. മൊയിൻ കുട്ടി : പ്രായപരിധി കഴിയുന്നതിനു മുമ്പായി ഇത്തരം ആളുകളെ സ്ഥിരപ്പെടുത്തുന്നതിന് ആവശ്യമായ സമ്മർദ്ദം കോടതിയിൽ ബഹുമാനപ്പെട്ട ഗവൺമെന്റ് ചെലുത്തുമോ എന്നാണ് എന്റെ ചോദ്യം.

ശ്രീ. ഇ. കെ. നായനാർ : കോടതിയിൽ ശുപാർശ ചെയ്യുന്ന ജഡ്ജിമാർ ഉണ്ടോ ? അല്ലാതെ സമ്മർദ്ദത്തിന്റെ മലയാളം എന്താണെന്ന് എനിക്കറിയില്ല.

ശ്രീ. കെ. പി. എ. മജീദ് : ഇവിടെ പി.എസ്.സി. ലിസ്റ്റ് നിലവിലിരിക്കേ അവർക്ക് നിയമനം കൊടുക്കാതെ ധാരാളം ആളുകൾ താൽക്കാലിക ജീവനക്കാരായി ജോലി ചെയ്തു വരുന്നു. നിലവിലുള്ള വ്യവസ്ഥ അനുസരിച്ച് ഒരു നിശ്ചിത സമയത്തിനകം അവരെയെല്ലാം ഒഴിവാക്കേണ്ടതാണ്. പക്ഷേ താൽക്കാലിക ജീവനക്കാരെ അങ്ങനെ നിലനിർത്തുകയും പി.എസ്.സി.യിൽ ജോലിക്കുവേണ്ടി കാത്തിരിക്കുന്നവർ പുറത്തുനിൽക്കുകയും ചെയ്യുകയാണ്. ഇത് വളരെയധികം ബുദ്ധിമുട്ടുള്ള കാര്യമാണ് ; മാത്രമല്ല താൽക്കാലിക ജീവനക്കാരെ നിയമിക്കുമ്പോൾ നിലവിലുള്ള സംവരണ വ്യവസ്ഥപോലും മറികടക്കുകയാണ്. അതുകൊണ്ട് നിലവിലുള്ള താൽക്കാലിക ജീവനക്കാരെ, നിശ്ചിത സമയത്തിനകം അവരുടെ സർവ്വീസ് അവസാനിപ്പിക്കുകയും പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ളവർക്ക് ജോലിക്ക് കയറാൻ വേണ്ടിയുള്ള സൗകര്യവും സന്ദർഭവും ഗവൺമെന്റ് ഒരുക്കുകയും ചെയ്യണമെന്ന് ആവശ്യപ്പെടുന്നു.

ശ്രീ. ഇ. കെ. നായനാർ : താൽക്കാലികമായി ജോലിയിൽ തുടർന്നുവരുന്ന ജീവനക്കാരെ സർവ്വീസിൽ സ്ഥിരപ്പെടുത്തണമെന്നതാണ് സർക്കാർ നിർദ്ദേശം. ശ്രീമതി ജ്യോതി എസ്. എസ്. ഫയൽ ചെയ്ത 2042/98 നമ്പർ ഒ.പി.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട ഹൈക്കോടതി റദ്ദാക്കി. അതിൽ ഞങ്ങൾ എന്ത് ചെയ്യാനാണ് ? താൽക്കാലിക ജീവനക്കാരെ സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നത് ഭരണഘടനാ വിരുദ്ധമാണെന്നും നിശ്ചിത കാലാവധിക്കുശേഷം താൽക്കാലിക ജീവനക്കാരെ തുടരാൻ അനുവദിക്കരുതെന്നും കൂടാതെ ഇത്തരക്കാരെ സർവ്വീസിൽ നിന്നും ഉടനടി പിരിച്ചുവിട്ട് ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്നുമാണ് നിർദ്ദേശം. അതു ചെയ്യാം. നമ്മൾ കൊടുത്ത നിർദ്ദേശം അവർ അംഗീകരിച്ചിട്ടില്ല. അതാണ് കുഴപ്പം.

ശ്രീ. പാലോട് രവി : സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് നമ്മുടെ സംസ്ഥാന സർവ്വീസിൽ ജോലി ചെയ്തിരുന്ന താൽക്കാലിക ജീവനക്കാരിൽ ഒരു ചെറിയ ശതമാനത്തെ സ്ഥിരപ്പെടുത്തി. ബാക്കിയുള്ളവർ ഓവർ ഏജ് ആയിരിക്കുന്നു. സ്വാതന്ത്ര്യത്തിന്റെ സുവർണ്ണജൂബിലിയോടനുബന്ധിച്ച് ആ നിശ്ചിത പീരീഡിൽ ജോലി ചെയ്തിരുന്ന മറ്റുള്ളവരെക്കൂടി സ്ഥിരപ്പെടുത്തുമോ ; അവരുടെ പ്രായപരിധി കഴിഞ്ഞു പോയി. ആ ആവശ്യം ഉന്നയിച്ചുകൊണ്ടാണ് അവർ സെക്രട്ടേറിയറ്റിനു മുമ്പിൽ സമരം ചെയ്യുന്നത്. പ്രായപരിധി കഴിഞ്ഞവരായതുകൊണ്ട് അനുഭാവപൂർവ്വമായ പരിഗണന അവർക്ക് നൽകുമോ ?

ശ്രീ. ഇ. കെ. നായനാർ : ഹൈക്കോടതി പറയുന്നത് അവരെ സ്വീകരിക്കാൻ പറ്റുകയില്ല, പുറത്താക്കണം എന്നാണ്. കോടതി പറഞ്ഞാൽ പിന്നെ നമുക്ക് ഒന്നും ചെയ്യാൻ പറ്റുകയില്ല. നമ്മൾ വല്ലതും ചെയ്താൽ അത് ആന്റി കോൺസ്റ്റിറ്റ്യൂഷണലാകും. നമ്മുടെ അഭിപ്രായം അവരെ സ്ഥിരപ്പെടുത്തണമെന്നു തന്നെയാണ്. കോടതി അത് തള്ളിയാൽ അവർ ആയിരം തവണ സമരം നടത്തിയാലും നമുക്ക് ഒന്നും ചെയ്യാൻ പറ്റുകയില്ല. അവർ അത് മനസ്സിലാക്കണം. സമ്മർദ്ദം ചെലുത്താൻ ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്. അവർ കോടതിയിൽ പോയി. സമ്മർദ്ദം ചെലുത്തട്ടെ.

പാചകവാതക വിതരണം

3 (*3) ശ്രീ. ജി. സുധാകരൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. എം. ദാസൻ :
ശ്രീ. എം. എ. തോമസ് :
ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പാചക വാതക ക്ഷാമം അനുഭവപ്പെടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തൊക്കെ എന്ന് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മേൽനോട്ടത്തിൽ പ്രവർത്തിച്ചു വരുന്ന പാചക വാതക വിതരണ കേന്ദ്രങ്ങളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly